ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 175-ാം ദിവസം

**യാത ദാനവദൈതേയൈസ്താവത്സന്ധിർവിധീയതാം**
**കാലേനാനുഗൃഹീതൈസ്തൈർ യാവദ് വോ ഭവ ആത്മന: (8-6-19)**
**അരയോƒപി ഹി സന്ധേയാ: സതി കാര്യാർത്ഥഗൌരവേ**
**അഹിമൂഷകവദ്ദേവാ ഹ്യർത്ഥസ്യ പദവീം ഗതൈ: (8-6-20)**

*ശുകമുനി തുടർന്നു:*
പ്രാർത്ഥനയുടെ ഫലമായി ഭഗവാൻ ഹരി അവർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഒരായിരം സൂര്യൻെറ പ്രഭയോടുകൂടിയ ഭഗവാൻെറ ദർശനം ദേവന്മാരെ അന്ധരാക്കി. ബ്രഹ്മാവിനും ശിവനും മാത്രമെ ആ കാഴ്ച കാണാൻ കഴിഞ്ഞുള്ളു. രക്തപ്രസാദമുള്ള കണ്ണുകളും, കടുംപച്ചനിറത്തിൽ ഇരുണ്ട ദേഹവും, സ്വർണ്ണ മഞ്ഞപ്പട്ടുടുപ്പും ചേർന്ന ആ ദിവ്യശരീരം അതീവസുന്ദരമായി കാണപ്പെട്ടു. ബ്രഹ്മാവും ശിവനും, ദേവന്മാരുമെല്ലാം ചേർന്ന് ഭഗവാനെ ഇപ്രകാരം സ്തുതിച്ചു.

ജനനമരണങ്ങൾക്കതീതനും, അതീന്ദ്രിയനുമായ ആ പരബ്രഹ്മത്തിന് നമോവാകം. ഈ ദിവ്യരൂപത്തിൽ ഞങ്ങൾ മൂന്നുലോകങ്ങളും ഞങ്ങളെത്തന്നെയും കാണുന്നു. ഈ വിശ്വരൂപം സർവ്വഥാ പൂജാർഹമത്രെ. ഈ വിശ്വം മുഴുവൻ അവിടുന്നിലാണെങ്കിലും അങ്ങ് അതിനാൽ ബാധിതമല്ല. അവിടുത്തെ ദർശനത്താൽ ഞങ്ങൾ അനുഗൃഹീതരായിരിക്കുന്നു. ഞങ്ങളുടെ ഉള്ളിലെ ആഗ്രഹസാദ്ധ്യത്തിനായി എന്താണ് ചെയ്യേണ്ടതെന്നു പറഞ്ഞു തന്നാലും.

*ഭഗവാൻ പറഞ്ഞു:*
നിങ്ങളുടെ ശത്രുക്കളുമായി സഖ്യത്തിലാവുക. ഇപ്പോൾ രാക്ഷസന്മാർക്കനുകൂലമാണ് കാലം. ഏറ്റവും വലിയ കാര്യങ്ങൾ സാധിക്കാൻ ശത്രുക്കളെപ്പോലും ആശ്രയിക്കേണ്ടതായി വരും. കാര്യം സാധിച്ചു കഴിഞ്ഞിട്ട് ദുഷ്ടന്മാരായുള്ളവരെ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിക്കാം. അവരുമായി അനുനയ രൂപത്തിൽ ഇടപെടണം. കാര്യം സാധിക്കാൻ ക്രോധം കൊണ്ടാവുകയില്ല. ദയയും മര്യാദയും തന്നെയാണ് വേണ്ടത്. കിട്ടാവുന്ന നല്ല പച്ചമരുന്നുകൾ പാൽക്കടലിൽ എറിയുക. സർപ്പരാജാവായ വാസുകിയെ കയറാക്കി മന്ദരപർവ്വതത്തെ കടകോലാക്കി നിങ്ങളും അസുരന്മാരും ചേർന്ന് പാൽക്കടൽ കടഞ്ഞാൽ ഫലപ്രാപ്തിയുണ്ടാവും. ഞാൻ നിങ്ങളുടെ പക്ഷത്തുണ്ടാവും. രാക്ഷസന്മാർ കഠിനാദ്ധ്വാനം ചെയ്ത് ക്ഷീണിക്കും. എന്നാൽ പാൽക്കടൽ കടഞ്ഞതിൻെറ ഫലം നിങ്ങൾക്ക് ലഭിക്കും. ആദ്യം വിഷമായിരിക്കും കിട്ടുക എങ്കിലും നിരാശപ്പെടരുത്, പേടിക്കയുമരുത്. പിന്നീട് അഭിലഷണീയമായ വസ്തുക്കളാവും ഉണ്ടാവുക. അവയിൽ ആസക്തി കാണിക്കാതിരിക്കുക. അസുരന്മാർ കോപിഷ്ടരായാലും നിങ്ങൾ സമചിത്തത പാലിക്കുക. നിങ്ങളുടെ ആവശ്യം നിറവേറുക തന്നെ ചെയ്യും.

ഭഗവാൻ ക്ഷണനേരം കൊണ്ട് അപ്രത്യക്ഷനായി. ദേവന്മാർ അസുരരാജാവായ ബലിയെ ചെന്ന് കണ്ടു. ഇന്ദ്രൻ ബലിയോട് സ്നേഹപൂർവ്വം പെരുമാറി അനുനയസ്വരത്തിൽ ഉദ്ദേശം അറിയിച്ചു. ഭഗവാൻെറ നിർദ്ദേശപ്രകാരം പാൽക്കടൽ കടയുന്നതിന് ബലിയോട് സഹായം അഭ്യർത്ഥിക്കുകയും ബലി സസന്തോഷം സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. എല്ലാവരും ചേർന്ന് മന്ദരപർവ്വതം അടിയോടെ പറിച്ചെടുത്ത് സമുദ്രതീരത്തേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. വഴിയിൽ അത് താഴെ വീഴുകയും അനേകം ദേവാസുരന്മാർ ചതഞ്ഞരയുകയും ചെയ്തു. ഭഗവാൻ അവരുടെ രക്ഷക്കായിവന്ന് പർവ്വതത്തെ ഒരു കയ്യുകൊണ്ടുയർത്തി സമുദ്രതീരത്തേക്ക് കൊണ്ടുപോയി വച്ചു.

*(ധ്യാനയോഗ്യമായ സംഭവപരമ്പരയാണിത്. കുണ്ഡലിനിയോഗത്തിൻെറ വിവരണവുമാകാം ഇത്. വാനശാസ്ത്രപരമായ ഏതെങ്കിലും പ്രതിഭാസവുമാകാം.)*